(ബി) പ്രതിവർഷം ഒരു രൂപ വാടക ഈടാക്കിക്കൊണ്ട് സ്ഥലവും കെട്ടിടവും 5 വർഷത്തേയ്ക്കു നൽകണമെന്നതാണ് വ്യവസ്ഥ.

(സി) ഇല്ല.

കേരള സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയത്തിൽ ഡയറക്ടർ നിയമനം

105 [2426] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയത്തിൽ സ്ഥിരം ഡയറക്ടറെ നിയമിക്കുന്നതിന് നടത്തിയ ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിൽ ഡയറക്ടർ നിയമനത്തിനുള്ള കാലതാമസം ഒഴിവാക്കുമോ;

(ബി) ആവശ്യമായ യോഗ്യതകളും ഇല്ലാത്ത വ്യക്തി വളരെക്കാലമായി മ്യൂസിയം ഡയറക്ടറുടെ ചാർജ്ജ് വഹിക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രിയും യൂണിയൻ പ്രതിനിധികളുമായി 9-12-2004-ൽ നടത്തിയ ചർച്ചയിലെ തീരുമാനങ്ങൾ നടപ്പിലാക്കുവാൻ അടിയന്തിര നിർദ്ദേശം നൽകുമോ?

ഉത്തരം.

(എ) നേരത്തെ നടത്തിയ ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിൽ സ്ഥിരം ഡയറക്ടറെ നിയമിക്കുന്നില്ല. താൽക്കാലികമായി ഈ തസ്തികയിലേക്ക് നിയമനം നടത്തുന്നതാണ്.

(ബി & സി) മ്യൂസിയം ഡയറക്ടർക്കുള്ള യോഗ്യതകളും സ്പെഷ്യൽ റൂൾസ് നടപ്പിൽ വന്നാൽ മാത്രമേ വ്യക്തമാക്കാനാവൂ. ഇപ്പോൾ ഡയറക്ടറുടെ ചുമതല വഹിക്കുന്ന വ്യക്തി മ്യൂസിയത്തിലെ സീനിയർ മോസ്റ്റ് ഓഫീസറാണ്.

(ഡി) ഇക്കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക വിഭാഗ വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സ് പ്രവേശനത്തിന് പ്രത്യേക പ്രവേശന പരീക്ഷ

106 [2427] ശ്രീ. തോമസ് ഉണ്ണിയാടൻ:
,, സ്റ്റീഫൻ ജോർജ്ജ്:
ജോസഫ് എം. പുതുശ്ശേരി:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ കോഴ്സുകളിലേക്ക് നടത്തപ്പെടുന്ന എൻട്രൻസ് പരീക്ഷകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്നും വളരെ കുറച്ച് വിദ്യാർത്ഥികളും മാത്രമെ യോഗ്യതാ ലിസ്റ്റിൽ സ്ഥാനം പിടിക്കുന്നുള്ളു എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly